**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6610** **21-11-2019 ൽ മറുപടിക്ക്**

## സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി.<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഭൂമിയുടെ സംരക്ഷണവും അവയുടെ പരിപാലനവും പ്രസ്തുത ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും ഒരു കേന്ദ്രീകൃത രീതിയിൽ സൂക്ഷിച്ച് സംരക്ഷിക്കുന്നതിനും ഭൂമിയുടെ കൈമാറ്റം ഉൾപ്പെടെയുള്ള വിവരങ്ങൾ കാലാകാലങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും ഒരു സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ; | (എ) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്ക് ഭൂമിയും ഉടമസ്ഥനില്ലാത്ത ഭൂമിയും സർക്കാരിലേക്ക് വിട്ടൊഴിഞ്ഞ ഭൂമി, ബോട്ട്, ഇൻ ലാൻഡ് ഭൂമി മുതലായവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി വില്ലേജ്/താലൂക്ക്/ജില്ല/ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലങ്ങളിൽ 08.05.2019 ലെ സ.ഉ (സാധാ) 1077/19 നമ്പർ ഉത്തരവ് പ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും ജില്ലാ കളക്ടർമാർക്ക് 01.07.2019 ലും തുടർന്ന് 26.09.2019 ലും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഡേറ്റാ കളക്ഷനും പരിശോധനയും നടന്നു വരുകയുമാണ്. ഇതിന് പുറമെ 29.07.2019 ലെ സ.ഉ (എം.എസ്) 243/19 ന്റെ അടിസ്ഥാനത്തിൽ ലാൻഡ് അസൈൻമെന്റ് അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ലാൻഡ് മോണിറ്ററിങ് സെൽ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 26.09.2019 ലെ എൽ.ആർ.ജെ1-30584/12 നമ്പർ നടപടിക്രമ പ്രകാരം ലാൻഡ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതും ടി സെൽ ഉപയോഗിക്കാതെ കിടപ്പുള്ള സർക്കാർ ഭൂമി, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയ ഭൂമി, പ്രസ്തുത ഭൂമിയുടെ നിലവിലെ അവസ്ഥ, സർക്കാർ ഭൂമിയിലെ കൈയ്യേറ്റം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ ജില്ലകളിൽ നിന്ന് ശേഖരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ ഭൂമി അനധികൃതമായി കൈവശം വയ്ക്കുന്നതിനുള്ള ശിക്ഷ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ ഭൂമിയിൽ നിയമവിരുദ്ധമായി പ്രവേശിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്ന ഏതൊരാൾക്കെതിരെയും മൂന്ന് വർഷത്തിൽ കുറയാത്തതും അഞ്ചുവർഷം വരെയാകാവുന്നതുമായ തടവു ശിക്ഷയ്ക്കോ കൂടാതെ അമ്പതിനായിരം രൂപയിൽ കുറയാത്തതും രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ തുക പിഴ ചുമത്തുന്നതിൽ കേരളാ ഭൂ സംരക്ഷണഭേദഗതി നിയമം 2009 സെക്ഷൻ 7 (എ) നിഷ്കർഷിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ഭൂമി വഞ്ചനാപൂർവകമായി പ്രമാണം നടത്തുകയോ, ഭൂമിയിലെ ഉടമസ്ഥാവകാശത്തെ സാധൂകരിക്കുന്ന രീതിയിൽ വ്യാജപ്രമാണം ഉണ്ടാക്കുകയോ ചെയ്താലുള്ള ശിക്ഷാ നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | സർക്കാർ ഭൂമിയിന്മേലുള്ള അവകാശ വാദത്തെയോ ഉടമസ്ഥാവകാശത്തെയോ സാധൂകരിക്കുന്ന രീതിയിൽ എന്തെങ്കിലും വ്യാജപ്രമാണം ഉണ്ടാക്കുകയോ ചമയ്ക്കുകയോ ചെയ്യുന്ന ഏതൊരാൾക്കും അഞ്ചു വർഷത്തിൽ കുറയാത്തതും ഏഴ് വർഷംവരെയാകുന്നതുമായ തടവു ശിക്ഷയ്ക്കോ കൂടാതെ അൻപതിനായിരം രൂപയിൽ കുറയാത്തതും രണ്ടു ലക്ഷം രൂപയാകുന്നതുമായ പിഴ ഒടുക്കുവാനും ബാധ്യസ്ഥനായിരിക്കുമെന്ന് കേരളാ ഭൂസംരക്ഷണ ഭേദഗതി നിയമം 2009 സെക്ഷൻ 7 ബി (ii) അനുശാസിക്കുന്നു. കൂടാതെ സർക്കാർ ഭൂമി കയ്യേറി കൈമാറ്റം ചെയ്യുന്ന നടപടി അസാധുവാകുന്നതിന്റെ ഭാഗമായി 24.03.2015 ലെ 12-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം ജില്ലാ കലക്ടർക്ക് 1908 ലെ രജിസ്ട്രേഷൻ നിയമത്തിലെ 83 എ (2) വകുപ്പ് പ്രകാരം സവിശേഷമായ അധികാരവും നൽകിയിട്ടുണ്ട്. |
| (ഡി) | സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുന്നതിന് തയ്യാറാകുമോ; | (ഡി) | സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റക്കാർക്കെതിരെ കേരള ഭൂ സംരക്ഷണ ഭേദഗതി നിയമം 2009 സെക്ഷൻ 7 പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ച് വരുന്നു. ടി വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയും വാറന്റ് കൂടാതെ തന്നെ കയ്യേറ്റക്കാരനെ അറസ്റ്റ് ചെയ്യുവാൻ പൊലീസ് ഉദ്യോഗസ്ഥന് അധികാരം നൽകുന്ന കോഗ്നിസബിൾ കുറ്റകൃത്യത്തിൽ പെടുന്നവയുമാണ്. ടി നിയമം സെക്ഷൻ 9 പ്രകാരം അതാത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളുടെ അധികാര പരിധിയിൽ ആണ് തീർപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഇ) | സർക്കാർ ഭൂമി സംരക്ഷിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?. | (ഇ) | സർക്കാർ ഭൂമി, പുറമ്പോക്ക് ഭൂമി, സർക്കാരിലേക്ക് കൈമാറിയ ഭൂമി, ബോട്ട് ഇൻ ലാൻഡ് ഇനത്തിൽപ്പെട്ട ഭൂമി മുതലായവ സംരക്ഷിക്കുന്നതിന് 08.05.2019 ലെ സ.ഉ (സാധാ)1077/19/റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ വിവരങ്ങൾ വില്ലേജ്/താലൂക്ക്/ജില്ലാ തലത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുള്ള പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. സർക്കാർ പുറമ്പോക്ക് ഭൂമികളിൽ അനധികൃത കയ്യേറ്റം തടയുന്നതിലും ഒഴിപ്പിക്കുന്ന കാര്യത്തിലും സമയോചിതമായും കാര്യക്ഷമതയോടെയും ഇടപെടുകയും ഒഴിപ്പിക്കൽ നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 10.09.2018 ലെ സ.ഉ (സാധാ) 3778/2018/റവ നമ്പർ ഉത്തരവ് പ്രകാരം ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറേയും അസിസ്റ്റന്റ് കമ്മീഷണറേയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കൈയേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനും വേഗത്തിലാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി മോണിറ്ററിംഗ് സെൽ രൂപികരിച്ചിട്ടുണ്ട്. ജില്ല/ഡിവിഷൻ തലത്തിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. അപ്രകാരം രൂപീകൃതമായ സ്ക്വാഡുകൾ പൊതു അവധി ദിനങ്ങളിൽ ഉൾപ്പടെയുള്ള മുഴുവൻ ദിവസങ്ങളിലും സ്ഥല പരിശോധന നടത്തി വരുന്നതും അപ്രകാരം കണ്ടെത്തുന്ന കയ്യേറ്റക്കാർക്കെതിരെ KLC നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നതുമാകുന്നു. ഇതു കൂടാതെ കേരള ഭൂ സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായും വേഗത്തിലും നടപടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**